പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 331 — 21.03.2007-ൽ മറുപടിയ്ക്ക്

## മറുനാടൻ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ.പി.കെ ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) കേരളത്തിന്റെ കാർഷിക - കാർഷികേതര - വ്യവസായ തൊഴിൽ മേഖലകളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള എത്രപേർ പണിയെടുക്കുന്നു; | (എ)ഉം (ബി) |
| ബി) ഇവരുടെ സംസ്ഥാനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; | അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ലഭ്യമായ വിവരം അനുസരിച്ച് കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള 1,15,584 പേർ പണിയെടുത്തു വരുന്നു. ഇവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തമിഴ്നാട് | 50,989 |
| ബീഹാർ | 17,139 |
| ഒറീസ്സ | 15,768 |
| പശ്ചിമബംഗാൾ | 8,459 |
| കർണ്ണാടക | 4,769 |
| ഉത്തർപ്രദേശ് | 4,360 |
| ആന്ധ്രാ പ്രദേശ് | 4,150 |
| രാജസ്ഥാൻ | 2,663 |
| ഗുജറാത്ത് | 1,687 |
| ആസ്സാം | 1,510 |
| മഹാരാഷ്ട്ര | 1,303 |
| ഝാർഖണ്ഡ് | 1,120 |
| മദ്ധ്യപ്രദേശ് | 867 |
| ഡൽഹി | 800 |
| | 1,15,584 |

| | | | |
|---|---|---|---|
| സി) | മറുനാടൻ തൊഴിലാളികളെ ഉപയോഗിക്കുന്ന തൊഴിൽ ഉടമകൾക്ക് സേവന-വേതന-ആവാസ വ്യവസ്ഥകൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിബന്ധനകളും നിയന്ത്രണങ്ങളും ബാധകമാണോ; | സി) | 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1983-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടങ്ങൾ ഇവയിലെ നിബന്ധനകൾ തൊഴിലുടമകൾ പാലിക്കേണ്ടതുണ്ട്. |
| ഡി) | അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ട തൊഴിലാളികൾ പലയിടങ്ങളിലും സൃഷ്ടിക്കുന്ന ആരോഗ്യ-ശുചിത്വ-പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | നിർമ്മാണ കമ്പനികൾ മുഖേനയോ അംഗീകൃത കോൺട്രാക്ടർമാർ മുഖേനയോ സംസ്ഥാനത്തെ വിവിധ മേഖലകളിലെ ജോലികൾക്കായി കൊണ്ടു വരുന്ന തൊഴിലാളികൾ കാരണം ആരോഗ്യ-ശുചിത്വ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | മറുനാടൻ തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും താല്പര്യങ്ങൾ പരിരക്ഷിക്കാൻ ഉതകുന്ന നിയമ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ? | ഇ) | മറുനാടൻ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥകളുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 332

21.3.2007-ൽ മറുപടിയ്ക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം

ശ്രീ. സി.ടി.അഹമ്മദ് അലി
ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിൽ എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് ;

എ) സംസ്ഥാനത്ത് ഇപ്പോൾ ഫിഷറീസ് വകുപ്പിൽ നിലവിലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നു.

1) മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ആഴം കൂട്ടലും.
2) ഉൾനാടൻ മത്സ്യകൃഷി, ശുദ്ധജല മത്സ്യകൃഷി എന്നിവയുടെ വികസനം
3) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി, സമ്പാദ്യ സുരക്ഷാ പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

ബി) ഇതിനായി എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട് ;

ബി) ഇതിനായി തുറമുഖങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 550 ലക്ഷം രൂപയും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്ക് 15.96 ലക്ഷം രൂപയും 2006-07 സാമ്പത്തിക വർഷത്തിൽ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

സി) ഇതിൽ എത്ര തുക ഈ വർഷത്തെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചു എന്നും ബാക്കിയുള്ള തുക എപ്പോൾ ചെലവഴിക്കുമെന്നും വെളിപ്പെടുത്തുമോ ?

സി) ഇതിൽ ഗ്രൂപ്പ് ഇൻഷ്വറൻസിനു ലഭിച്ച തുക സംസ്ഥാന വിഹിതമുൾപ്പെടെ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തുറമുഖ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമായി ലഭിച്ച തുകയിൽ സംസ്ഥാന വിഹിതമുൾപ്പെടെ 583.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക നടപ്പു സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 333. 21-03-07-ൽ മറുപടിക്ക്

# അബ്കാരി കുറ്റങ്ങൾക്കുള്ള ശിക്ഷയിൽ ഇളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. മുരളി<br>ശ്രീ. കെ. ബാബു. | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പുതിയ അബ്കാരി നയമനുസരിച്ച് അബ്കാരി കുറ്റങ്ങൾക്ക് ലഘൂകരിച്ച ശിക്ഷ ഏർപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഏതെല്ലാം കുറ്റങ്ങൾക്കുള്ള ശിക്ഷയാണ് ഇപ്രകാരം ലഘൂകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (എ) യും (ബി) യും<br><br>അബ്കാരി കുറ്റങ്ങൾക്കു ശിക്ഷ ലഘൂകരിച്ചിട്ടില്ല. കുറ്റങ്ങൾ മൈനർ എന്നും മേജർ എന്നും വേർതിരിച്ച് പരമാവധി ശിക്ഷ നൽകുന്നതിനുള്ള നിയമം കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 334

21. 3. 2007 ൽ മറുപടിയ്ക്ക്

## വള്ളങ്ങൾക്ക് പോർട്ട് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ബാബു പ്രസാദ്. | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ട്രോളിംഗ് ബോട്ടുകൾക്ക് അനുവദിക്കുന്നതുപോലെ, പരിമിതമായ അളവിൽ, ഡീസൽ സബ്സിഡി യന്ത്രവൽകൃത വള്ളങ്ങൾക്കും അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇൻ ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് ഡീസൽ സബ്സിഡി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കേരളത്തിലെ മത്സ്യബന്ധന യാനങ്ങൾക്കും 'മിഡ് സീ ബങ്കറിംഗ്' സംവിധാനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) 'മിഡ് സീ ബങ്കറിംഗ്' സംവിധാനം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും നടപടിയും ആവശ്യമാണ് |
| സി) വള്ളങ്ങൾക്ക് പോർട്ട് രജിസ്ട്രേഷൻ കൊടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) ഉണ്ട് |
| ഡി) എങ്കിൽ പ്രസ്തുത ആവശ്യം നടപ്പിലാക്കുമോ ? | ഡി) തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് ഈ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :335

21-3-2007-ൽ മറുപടിയ്ക്ക്

### ടൂറിസം കേന്ദ്രങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>" ബാബു.എം.പാലിശ്ശേരി<br>" എം.ജെ.ജേക്കബ്<br>" കെ.ടി.ജലീൽ<br>" കെ.സി.രാജഗോപാലൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വത്തിനായി ടൂറിസം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കുടുംബശ്രീ മുഖേന എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കോവളം, മൂന്നാർ എന്നീ കേന്ദ്രങ്ങളിൽ പഞ്ചായത്തുമായി സഹകരിച്ച് സമഗ്ര പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) ആവിഷ്കരിച്ച് ചു വരുന്നു. ആറു പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ കുടുംബശ്രീയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സമഗ്ര മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി അവയെ സീറോ വേസ്റ്റ് ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| | ഇത്തരം പദ്ധതികൾ എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (എഫ്) ടൂറിസം കേന്ദ്രങ്ങളിൽ കുടുംബശ്രീയുമായി സഹകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ; | (എഫ്) നടപടികൾ സ്വീകരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതാണ്. |
| (ജി) ശുചീകരണ കാര്യത്തിൽ മികവു പുലർത്തുന്ന ടൂറിസം കേന്ദ്രത്തിന് പ്രത്യേക പ്രോത്സാഹനം നൽകുമോ ? | (ജി) പരിശോധിക്കുന്നതാണ്. |

D. Sudha...

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *336 | 21.03.2007-ൽ മറുപടിയ്ക്ക് |

## ഫയർ ഫോഴ്സിന്റെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ്. | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ ( ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി ). |
| എ). ഫയർ ഫോഴ്സിന്റെ ആധുനിക വൽക്കരണത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | : | ഫയർ ആന്റ് റസ്ക്യൂ സർവീസസ് വകുപ്പ് ആധുനിക വത്ക്കരിക്കുന്നതിന്റെ ഭാഗമായി വരുന്ന നാലുവർഷത്തിനുള്ളിൽ വാങ്ങേണ്ട ആധുനിക ഉപകരണങ്ങൾ, നടത്തേണ്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ, 92.39 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി). ഫയർ സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ ? | : | സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയ്ക്കനുസൃതമായി അടിയന്തര നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 337** **21.3.2007 ൽ മറുപടിക്ക്**

**<u>ശബരിമല റോഡ് വികസനം</u>**

ചോദ്യം
ശ്രീ കെ. ശിവദാസൻ നായർ

ഉത്തരം
ഷെവ. ടിയു കുരുവിള
(മരാമത്തുവകുപ്പു മന്ത്രി)

(എ) ശബരിമലയിലേക്കുള്ള സുപ്രധാന റോഡുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(എ) ശബരിമലയിലേക്കുള്ള പ്രധാന റോഡുകൾ വികസിപ്പിക്കുന്നതിന് M/s RITES, NEW DELHI എന്ന സ്ഥാപനത്തെക്കൊണ്ട് 1998-ൽ മുൻ-സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ താഴെപറയുന്നവയാണ്.

1. എരുമേലി-മുക്കൂട്ടുതറ കണമല - അട്ടത്തോട് കോളനി.
2. തേക്കടി-താരിക്കുഴി-കിളക്കുടി–തീരമലക്യാമ്പ്, പമ്പയാർ ക്യാമ്പ്, പമ്പ
3. കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുറുട്ടട-മുഴിക്കൽ, പമ്പ

(ബി) ഈ പദ്ധതിക്ക് ആകെ എത്ര ചെലവ് പ്രതീക്ഷിക്കുന്നു ?

(ബി) ഈ പദ്ധതിക്കുവേണ്ടി 1996 ഷെഡ്യൂൾ പ്രകാരം 11562.5 ലക്ഷം രൂപ വേണമെന്ന് സാധ്യതാ പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

332(A)

<u>വിശദീകരണ കുറിപ്പ്</u>

ശബരിമല റോഡിന്റെ വികസനത്തിനെ സംബന്ധിച്ച് മുൻ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ M/s RITES, NEW DELHI എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെടുകയുണ്ടായി. ഈ സ്ഥാപനം 1998 ഫെബ്രുവരിയിൽ, ശബരിമല ക്ഷേത്രത്തിലേക്കുള്ള പ്രധാന റോഡുകൾ എല്ലാം പത്തനംതിട്ട ജില്ലയിൽ മാത്രം ഉൾപ്പെട്ടതാണെന്നും, ആ റോഡുകൾക്ക് പ്രാധാന്യം നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 1991 കണക്കനുസരിച്ച് 1.10 മില്യൺ ജനപ്പെരുപ്പവും 2642 സ്ക്വയർ കിലോമീറ്റർ സ്ഥലവുമാണ് ശബരിമലയ്ക്ക് ചുറ്റുമുള്ളത് എന്ന് റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. ശബരിമലയിലേക്കുള്ള താഴെ പറയുന്ന 3 പ്രധാന റോഡുകളാണ് റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുള്ളത്.

1 എരുമേലി-മുക്കൂട്ടുതറ കണമല - അട്ടത്തോട് കോളനി

2 തേക്കടി-ഓലിക്കുഴി-കിളക്കൊടി-ശീമല ക്യാമ്പ്-പമ്പയാർ ക്യാമ്പ്, പമ്പ

3 കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുറ്റൂട- മുഴിക്കൽ, പമ്പ

ടി റോഡുകളുടെ വികസനത്തിനു വേണ്ടി 1156.26 ദശലക്ഷം രൂപ (1996 ഷെഡ്യൂൾ ഓഫ് റേറ്റ്) വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇവ കൂടാതെ പ്രധാനപ്പെട്ട റോഡുകളായ എരുമേലി പമ്പ മുതൽ ചാലക്കയം വരെയും മണ്ണാറകുളഞ്ഞി-പമ്പ വരെയും ഉള്ള റോഡുകൾ 7 മീറ്റർ വീതിക്ക് രണ്ടു വരി പാതയായി മാറ്റണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി 17 റോഡുകളെ (അനുബന്ധം) ശബരിമല റോഡുകളായി പ്രഖ്യാപിക്കുകയും ശബരിമല റോഡുകളെയും അതിന്റെ അനുബന്ധ റോഡുകളെയും ഗതാഗത യോഗ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ശബരിമല സീസണിൽ 25 കോടി രൂപ ചിലവാക്കി റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ശബരിമല റോഡ് വികസനത്തിനുവേണ്ടി പ്രത്യേകമായി ബഡ്ജറ്റിൽ 9.11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

Section Officer

5951258 GOVERNMENT OF KER

3376

**[illegible]**

**List of 17 roads leading to Saberimala Idetified by Hon'ble High Court**

1. Mannarakulanje Vadasserikkara-Poovathummoodu Plappally-Chalakkayam road.
2. Chalakkayam-Pampa road
3. Erumely Mukkoottuthara-Pampavally-Karamala-Thulappally-Plappally road.
4. Erumely-Mukkada-Edamon-Athikkayam-Poovathummoodu road
5. Plappally Angamoozhy-Chittar-Vadasserikkara road.
6. Chengannoor-Pandalam-Kadakkad-Kaipattoor-Pathanamthitta road
7. Chengannur-Aranmula-Pathanamthitta road
8. Pandalam Adoor Thatta Kaipattoor Pathanamthitta road
9. Thiruvalla-Eraviperoor-Kozhencherry-Pathanamthittaroad
10. Ranni-Chethomkara-Ath[illegible]ayam road.
11. Ranni-Mandirampady-Vadasserikara road.
12. Ranni Placheri Mukkada road.
13. Kottarakkara-Adoor road.
14. Kozhenchery-Ranni road.
15. Punaloor Pathanapuram-Mylappra road.
16. Punaloor Thenmala Aryankavu road.
17. Thenmala Kulathuppuzha road.

Section officer

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 338 — 21/3/2007-ൽ മറുപടിക്ക്

## <u>നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ</u>

**ചോദ്യം**

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ. രാജൻ
ശ്രീ. എ.കെ. ചന്ദ്രൻ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. കെ. രാജു

**മറുപടി**

ശ്രീ.പി.കെ.ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)

(എ) നിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 27/2/2007 ലെ ബോർഡ് യോഗം തീരുമാനമെടുത്തിട്ടുണ്ട്.

(ബി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ബി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും പുരുഷ തൊഴിലാളികൾക്ക് നൽകിവരുന്ന വിവാഹധനസഹായം 2000/- രൂപയിൽ നിന്നും, 2500/- രൂപയാക്കാനും, സ്ത്രീ തൊഴിലാളികൾക്കായുള്ള പ്രസവധനസഹായം 2000/- രൂപയിൽ നിന്നും 3000/- രൂപയാക്കാനും, സാധാരണ ചികിൽസയ്ക്ക് ആദ്യത്തെ അഞ്ചു ദിവസത്തേക്ക് നൽകി വരുന്ന ധനസഹായം 300/- രൂപയിൽ നിന്നും 400/- രൂപയാക്കാനും തുടർന്നുള്ള ഓരോ ദിവസത്തിനും 50/- രൂപയിൽ നിന്നും 70/- രൂപയാക്കാനും പരമാവധി 5000/- രൂപ വരെ നൽകാനും ബോർഡ് തീരുമാനിച്ചു. അപകട ചികിത്സാധനസഹായമായി ആദ്യ അഞ്ചു ദിവസത്തേക്ക് 500/- രൂപയും തുടർന്ന് ഓരോ ദിവസത്തിനും 70/- രൂപയും പരമാവധി തുക 10,000/ രൂപയിൽ നിന്നും 20,000/- രൂപയാക്കാനും, മാരകരോഗ ചികിത്സാ ധനസഹായം 1000/- രൂപയിൽ നിന്നും 2000/- രൂപയാക്കാനും പരമാവധി ധനസഹായം 20,000/- രൂപയാക്കാനും, അപകട മരണധനസഹായം

| | |
|---|---|
| | 1,00,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കാനും, അപകടത്തെതുടർന്ന് സ്ഥായിയായ അവശത സംഭവിക്കുന്നവർക്കുള്ള ധനസഹായം 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കാനും, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം 1000/- രൂപയിൽ നിന്നും 2000/- രൂപയാക്കാനും , അവശത പെൻഷൻ പ്രതിമാസം 150/- രൂപയിൽ നിന്നും 200/ രൂപയാക്കാനും , പെൻഷൻ തുകയിൽ 50/- രൂപ വർദ്ധനവു വരുത്താനും ,മിനിമം പെൻഷൻ പ്രതിമാസം 200/- രൂപയിൽ നിന്നും 250/- രൂപയാക്കാനും പരമാവധി പെൻഷൻ 400/- രൂപയിൽ നിന്നും 450/- രൂപയാക്കാനും, കുടുംബപെൻഷൻ പെൻഷന് ആനുപാതികമായി വർദ്ധിപ്പിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (സി) പുതിയ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) ബോർഡിൽ അംഗമായ തൊഴിലാളിയുടെ സ്വാഭാവിക മരണശേഷം ഇപ്പോൾ നൽകിവരുന്ന ധനസഹായം 15,000/- രൂപയ്ക്ക് പുറമെ ഭാര്യയ്ക്കോ, മാതാവിനോ മൈനർമാരായ നോമിനികൾക്കോ പ്രതിമാസം 200/- രൂപ നിരക്കിൽ ആശ്വാസധനസഹായം നൽകാൻ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

<u>നാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>

<u>ചോദ്യം നമ്പർ-339</u> 21/3/2007-ൽ മറുപടിയ്ക്ക്

## <u>ജയിലുകളിലെ അക്രമസംഭവങ്ങൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. സാജു പോൾ:
ശ്രീ.വി.ജെ.തങ്കപ്പൻ:
ശ്രീ.സി.കെ.സദാശിവൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ.കെ.വി. അബ്ദുൾ ഖാദർ:

ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ). സംസ്ഥാന ജയിലുകളിലെ അക്രമ സംഭവങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ). അക്രമസംഭവങ്ങളിൽ ഏർപ്പെടുന്ന തടവുകാരെ പ്രത്യേക നിരീക്ഷണത്തിൽ പാർപ്പിക്കുക, തടവുകാർ നിരോധിത വസ്തുക്കൾ കൈവശം വച്ചിട്ടുണ്ടോ എന്ന് അറിയുന്നതിനായി കർശന പരിശോധനകൾ നടത്തുക, ജയിൽ സുരക്ഷ കണക്കിലെടുത്ത് ജയിൽ മെയിൻ ഗേറ്റിന്റെ പരിശോധനയ്ക്ക് പോലീസ് സേനയെ വിന്യസിക്കുക മുതലായ നടപടികൾ ജയിലിലെ അക്രമസംഭവങ്ങൾ തടയുന്നതിനായി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തടവുകാരുടെ ബാഹുല്യം കണക്കിലെടുത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി). ഇതിനായി ആധുനിക ഇലക്ട്രോണിക് നിരീക്ഷണ സമ്പ്രദായങ്ങൾ ഏർപ്പെടുത്തണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി). ഉണ്ട് . |
| (സി). രാജ്യത്ത് മറ്റേതെങ്കിലും ജയിലുകളിൽ ഇത്തരം നിരീക്ഷണ സമ്പ്രദായം നിലവിലുള്ളതായി സംസ്ഥാന സർക്കാരിന് അറിയാമോ; എങ്കിൽ എവിടെ എല്ലാം; | (സി). ദൽഹിയിലുള്ള തീഹാർ സെൻട്രൽ ജയിലിൽ ഇത്തരത്തിലുള്ള നിരീക്ഷണസമ്പ്രദായം നിലവിലുള്ളതായി അറിയുന്നു. |

| | |
|---|---|
| (ഡി). കോടതി നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ ഇത്തരം സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി). ആധുനിക ഇലക്ട്രോണിക് നിരീക്ഷണ സമ്പ്രദായങ്ങൾ കേരളത്തിലെ ജയിലുകളിൽ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 340 — 21.3.2007-ലെ മറുപടിക്ക്

**"സംസ്ഥാനത്ത് നിന്നും കാണാതായ കുട്ടികൾ"**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. കെ. ബാബു :<br>ശ്രീ. എ. പി. അനിൽ കുമാർ:<br>ശ്രീ. എൻ. ശക്തൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) 2006-ൽ സംസ്ഥാനത്ത് നിന്നും എത്ര കുട്ടികളെ കാണാതായിട്ടുണ്ട്; | (എ) 1047 കുട്ടികളെ കാണാതായിട്ടുണ്ട്. ഇതിൽ 956 കുട്ടികളെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇതിൽ ആൺകുട്ടികളെത്ര ; പെൺകുട്ടികളെത്ര ; | (ബി) ഇതിൽ ആൺകുട്ടികൾ - 500 പേരും പെൺകുട്ടികൾ - 547 പേരുമാണ്. |
| (സി) കാണാതായ കുട്ടികളെ തട്ടിക്കൊണ്ടുപോയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ; | (സി) കാണാതായതിൽ 9 കുട്ടികളെ തട്ടിക്കൊണ്ടു പോയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (ഡി) ഈ കുട്ടികളെ എന്ത് ചെയ്തിരിക്കുമെന്നാണ് അറിയാൻ കഴിഞ്ഞത് ; | (ഡി) ടി കാണാതായ 9 കുട്ടികളെയും കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) കാണാതായ കുട്ടികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഇ) കാണാതായ കുട്ടികളെ കണ്ടെത്തുന്നതിനായി കേസ്സുകൾ രജിസ്റ്റർ ചെയ്തു അന്വേഷണങ്ങൾ നടത്തിയും വാർത്താമാധ്യമങ്ങളിൽ പരസ്യം ചെയ്തും Look Out Notice കളും മറ്റും സ്റ്റേഷനുകളിലേയ്ക്ക് അയച്ചും ക്രൈം ഇന്റലിജൻസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.341. 21.3.2007- ൽ മറുപടിയ്ക്ക്

## അലങ്കാര മത്സ്യകൃഷി

ചോദ്യം

ശ്രീ. എം.കെ.പുരുഷോത്തമൻ :
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി.വിശ്വൻ :
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തിലെ മുഴുവൻ ജില്ലകളിലെയും അലങ്കാര മത്സ്യകൃഷിയിൽ താല്പര്യമുള്ളവർക്കും അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾക്കും പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ ആലുവയിലെ കടുംങ്ങല്ലൂരിൽ ഒരു അക്വാപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വിവിധയിനം അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനവും വിതരണവും വൻതോതിൽ സാദ്ധ്യമാക്കുക എന്നതാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ മത്സ്യത്തൊഴിലാളി വനിതകൾക്കായി മാത്രം മത്സ്യകൃഷി പ്രോത്സാഹന പദ്ധതി മത്സ്യഫെഡ് നടപ്പാക്കിവരുന്നു. കൂടാതെ അലങ്കാര മത്സ്യകൃഷിയെ സംബന്ധിച്ച നൂതന അറിവുകൾ തൽപരരായവർക്ക് പകരാനും കൃഷി പ്രോത്സാഹിപ്പിക്കുവാനു മുദ്ദേശിച്ചുകൊണ്ട് 2 വർഷത്തിലൊരിക്കൽ അന്താരാഷ്ട്ര തലത്തിലുള്ള 'അക്വാഷോ' എന്ന പ്രദർശനവും സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) അലങ്കാര മത്സ്യകൃഷിയിൽ പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്ത് സംവിധാനമാണുള്ളത് ; | (ബി) സുനാമി അടിയന്തിര സഹായപദ്ധതി (TEAP) പ്രകാരം സംസ്ഥാനത്തെ 3 ജില്ലകളിലെ സുനാമി ബാധിത പഞ്ചായത്തുകളിൽ ഉൾപ്പെട്ട സ്വയം സഹായസംഘങ്ങൾക്കും മറ്റു പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത യുവതീയുവാക്കൾക്കും അലങ്കാര മത്സ്യകൃഷിയിൽ വിദഗ്ദ്ധ പരിശീലനം |

| | |
|---|---|
| | നൽകിവരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡും വിവിധ ജില്ലകളിൽ പരിശീലനപദ്ധതി നടത്തുന്നുണ്ട്. |
| (സി) ചെറുകിട അലങ്കാര മത്സ്യ കൃഷി യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിക്കും. |
| (ഡി) ഇവർക്ക് വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) ചെറുകിട അലങ്കാര മത്സ്യ കൃഷി യൂണിറ്റുകൾക്ക് വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ അക്വാപാർക്ക് മുഖേന ചെയ്തു കൊടുക്കാൻ പദ്ധതി ആവിഷ്കരിക്കുന്നതാണ്. സംസ്ഥാനത്തിനകത്തും, പുറത്തും വിദേശ രാജ്യങ്ങളിലുമുള്ള കച്ചവടക്കാരുമായി ശൃംഖല സൃഷ്ടിക്കാനും ചെറുകിട അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ ഉൾപ്പെടെയുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന അലങ്കാര മത്സ്യങ്ങൾ കടുങ്ങല്ലൂരിൽ ആരംഭിക്കുന്ന അക്വാപാർക്കു വഴി കയറ്റുമതി ചെയ്യാനുമാണ് ലക്ഷ്യമിടുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 342 21. 3. 2007 ൽ മറുപടിക്ക്.

ആർ. ആന്റ് ബി. ഡി. സി. ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. ബാബു പോൾ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീമതി. ഇ. എസ്. ബിജിമോൾ: | ഷെവ. റ്റി.യു. കുരുവിള.<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചതെന്നാണ്; | (എ) 23/9/1999 - ൽ ആണ് ആർ. ബി. ഡി. സി. കെ. രൂപീകരിച്ചത്. |
| (ബി) ഈ കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്ത് പൂർത്തിയാക്കിയ വർക്കുകൾ എത്ര; ഇതിൽ എത്ര മേൽപ്പാലങ്ങളുണ്ട്; | (ബി) കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്തതിൽ 15 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 13 റെയിൽവെ മേൽപ്പാലങ്ങളുണ്ട്. |
| (സി) കോർപ്പറേഷൻ ഏറ്റെടുത്തതിന് ശേഷം പൂർത്തിയാകാതെ കിടക്കുന്ന എത്ര വർക്കുകളുണ്ട് ; അവ ഏതെല്ലാം ; ഇവ മുടങ്ങാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.. |
| (ഡി) കോർപ്പറേഷൻ പൂർത്തിയാക്കിയ വർക്കുകളിൽ എത്രയിടങ്ങളിൽ ഇപ്പോൾ ടോൾ പിരിവ് നടക്കുന്നുണ്ട്. ; ഓരോയിടത്തും ടോൾ പിരിവിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്ന് അറിയിക്കുമോ? | (ഡി) കോർപ്പറേഷൻ നിർമ്മിച്ച രണ്ട് റെയിൽവേ മേൽപ്പാലങ്ങളിലും, ഒരു പാലത്തിലും ടോൾ പിരിവ് നടക്കുന്നുണ്ട്. മേൽപ്പാലങ്ങളുടെ ടോൾ പിരിവിന്റെ കാലാവധി 16. 12. 2019 ലും പാലത്തിന്റേത് 7. 12. 2019 ലും അവസാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERAL

1551527

അനുബന്ധം -

കോർപ്പറേഷൻ ഏറ്റെടുത്ത 35 മേൽപ്പാലങ്ങളുടെ പണി പൂർത്തിയാകാനുണ്ട് അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്

(എ) പണി തുടങ്ങിയവ

| | |
|---|---|
| 1. നന്തി | കോഴിക്കോട് |
| 2. മുഴുപ്പിലങ്ങാട് | കണ്ണൂർ |
| 3. സുൽത്താൻപേട്ട് | പാലക്കാട് |
| 4. കൊരട്ടി | ത്രിശൂർ |
| 5. ബേക്കൽ | കാസർഗോഡ് |
| 6. വിക്ടോറിയ കോളേജ് | പാലക്കാട് |
| 7. കടുക്കാം കുന്ന് | പാലക്കാട് |
| 8. അത്താണി | ത്രിശൂർ |
| 9 പുല്ലേപ്പടി | എറണാകുളം |

ഇതിൽ 1 മുതൽ 4 വരെ ഉള്ളവയുടെ പണികൾ നടന്നു കൊണ്ടിരിക്കുന്നു. 5 - മുതൽ 9 - വരെ ഉള്ളവയുടെ അപ്രോച്ച് റോഡിന്റെ പണികൾ 90% പൂർത്തിയാക്കി. റെയിൽവേ സ്പാനുകളുടെ ജോലികൾ നേരിട്ടാണ് ചെയ്യുന്നത്. ഇത് പൂർത്തിയാക്കിയാൽ മാത്രമേ ബാക്കി പണികൾ നടത്താൻ കഴിയൂ.

(ബി) പണി തുടങ്ങാത്തവ

| | |
|---|---|
| 1. പൊന്നുരുന്നി | : എറണാകുളം |
| 2. പയ്യന്നൂർ | : കാസർഗോട് |
| 3. ചൈനാട്ടി | : കോഴിക്കോട് |
| 4. കുഞ്ഞിപ്പള്ളി | : കോഴിക്കോട് |
| 5. കൊയിലാണ്ടി | : കോഴിക്കോട് |
| 6. തിരുനാവായ | : മലപ്പുറം |
| 7. ദേവധാർ | : മലപ്പുറം |
| 8. പരപ്പനങ്ങാടി | : മലപ്പുറം |
| 9. നന്ദിക്കര | : ത്രിശൂർ |
| 10. ആളൂർ മാള റോഡ് | : ത്രിശൂർ |
| 11. ഡിവൈൻനഗർ | : ത്രിശൂർ |
| 12. പുളിയനം റോഡ് | : എറണാകുളം |
| 13. വെള്ളാം ചിറ | : ത്രിശൂർ |
| 14. മുളംകുന്നത്തുകാവ് | : ത്രിശൂർ |
| 15. കാഞ്ഞങ്ങാട് യാർഡ് | : കാസർഗോഡ് |
| 16. ചെറുവത്തൂർ യാർഡ് | : കാസർഗോഡ് |
| 17. കണ്ണൂർ സൗത്ത് | : കണ്ണൂർ |
| 18. ജഗന്നാഥ ക്ഷേത്രം | : കണ്ണൂർ |
| 19. തലശ്ശേരി മൂന്നാം ഗേറ്റ് | : ത്രിശൂർ |

GOVERNMENT OF KERALA

20. അമലാപുരി : കോഴിക്കോട്
21. പാലക്കാട് കോമൺവെൽത്ത് : പാലക്കാട്
22. തിരുവമ്പാടി : കോഴിക്കോട്
23. ചൊവ്വര : എറണാകുളം
24. അറ്റ്ലാന്റിസ് : എറണാകുളം
25. ഇടപ്പള്ളി : എറണാകുളം
26. വടുതല : എറണാകുളം

ഇതിൽ 1 മുതൽ 14 വരെയുള്ള മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. 15 മുതൽ 26വരെയുള്ളവയുടെ പണികൾ ആരംഭിച്ചിട്ടില്ല.

SO

1548855
GOVERNMENT OF KERAL

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ–343 21/3/2007–ൽ മറുപടിയ്ക്ക്.

## സെൻട്രൽ ജയിലുകളിലെ തൊഴിൽ പരിശീലനം

ചോദ്യം | ഉത്തരം

ശ്രീ. വി.ശിവൻകുട്ടി:
ശ്രീ.എ.എം. യൂസഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ:
ശ്രീ.പി.ജയരാജൻ:
ശ്രീ. എ.സി.മൊയ്തീൻ

ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ്മന്ത്രി)

| | |
|---|---|
| (എ). സെൻട്രൽ ജയിലുകളിൽ തടവുകാർക്ക് തൊഴിൽ പരിശീലനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>(ബി). എന്തെല്ലാം തൊഴിലുകളാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. | (എ). യും (ബി) യും.<br>ഉണ്ട്. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ കാർപ്പെന്ററി, സ്മിത്തി, വീവിംഗ്, ടെയിലറിംഗ്, ബുക്ക് ബൈൻഡിംഗ് വിഭാഗങ്ങളിലായി തടവുകാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. വിയ്യൂർ, സെൻട്രൽ ജയിലിൽ വീവിംഗ്, ടെയിലറിംഗ് വിഭാഗങ്ങളിൽ പരിശീലനം നൽകിവരുന്നു. കണ്ണൂർ സെൻട്രൽ ജയിലിൽ സെറികൾച്ചർ പരിശീലനം നൽകുന്നുണ്ട്. കൂടാതെ അക്ഷയ കമ്പ്യൂട്ടർ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ പരിശീലനം നൽകുകയുണ്ടായി. തിരുവനന്തപുരം സെൻട്രൽ ജയിലിൽ സോപ്പ് നിർമ്മാണത്തിൽ പുതുതായി പരിശീലനം ആരംഭിച്ചിട്ടുണ്ട്. |
| (സി). പുതുതായി എന്തെങ്കിലും തൊഴിലുകൾ പരിശീലിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി). ഉണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ സെറികൾച്ചർ പരിശീലനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ സോപ്പ് നിർമ്മാണത്തി |

| | |
|---|---|
| | നുള്ള പരിശീലനം ആരംഭിക്കുന്നതിന് ആലോചനയുണ്ട്. സെൻട്രൽ ജയിലുകളിൽ തടവുകാർക്ക് കമ്പ്യൂട്ടർപരിശീലനം തുടർന്നുനൽകുന്നതിനും ആലോചനയുണ്ട്. |
| (ഡി). കമ്പ്യൂട്ടർ ഡി.റ്റി.പി എന്നിവയിൽ പരിശീലനം നൽകുന്നതിന് സൗകര്യമുണ്ടോ; | (ഡി). കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സൗകര്യം നിലവിലുണ്ട്. |
| (ഇ). തൊഴിൽ ചെയ്യുന്ന തടവുകാർക്ക് അനുവദിച്ചിട്ടുള്ള വേതനം എങ്ങനെയാണ്; ഇത് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ).തടവുകാരുടെ ജോലി ക്രമപ്രകാരം ലൈറ്റ്, മീഡിയം, ഹാർഡ് എന്നിങ്ങനെ തരംതിരിച്ച്, യഥാക്രമം 9/- രൂപ, 13/- രൂപ, 23/- രൂപ എന്നിങ്ങനെ വേതനം നൽകിവരുന്നു. ഇത് പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 344. 21-03-07-ൽ മറുപടിക്ക്

# വ്യാജ മദ്യമാഫിയക്കെതിരെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. കെ. പി. മോഹനൻ<br>ശ്രീ. എം. കെ. പ്രേംനാഥ് | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സ്പിരിറ്റ് വ്യാജമദ്യ മാഫിയയ്ക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) മദ്യമാഫിയക്കെതിരെ സ്വീകരിക്കുന്ന ശക്തമായ നടപടികളുടെ ഭാഗമായി 11 പുതിയ റെയിഞ്ച് ആഫീസുകൾ രൂപീകരിക്കുകയും, ചെക്ക്പോസ്റ്റുകൾ വഴിയുള്ള കടത്തൽ തടയുന്നതിനായി 5 മേജർ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിലാക്കി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അതിർത്തി പ്രദേശങ്ങളിൽ ഇടറോഡുകളിൽ കൂടെയുള്ള സ്പിരിറ്റ് കള്ളക്കടത്ത് പിടികൂടുന്നതിനായി പാലക്കാട് ജില്ലയിൽ മൂന്ന് ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ് വിഭാഗം രഹസ്യ വിവരങ്ങൾ ശേഖരിച്ച് അവ പിടിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുന്നു. |
| (ബി) സ്പിരിറ്റ് വ്യാജമദ്യ റെയിഡിന് പോകുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനവും വാഹന സൗകര്യവും മറ്റ് ആയുധ സാമഗ്രികളും നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) ഈ സാമ്പത്തിക വർഷത്തിൽ 20 ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് തൃശ്ശൂരുള്ള പോലീസ് അക്കാഡമിയിൽ ഘട്ടം ഘട്ടമായി ആയുധ പരിശീലനം നൽകി വരുന്നു. കൂടാതെ ശാരീരിക പരിശീലനം ലഭിച്ചിട്ടില്ലാത്ത എല്ലാ എക്സൈസ് ഗാർഡുമാർക്കും പരിശീലനം നൽകി വരികയാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 345

21-3-2007 ൽ
മറുപടിയ്ക്ക്

## സ്പെഷ്യൽ ടൂറിസം സോണുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ചന്ദ്രൻ,<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. രാജാജി മാത്യു തോമസ്,<br>ശ്രീ. എൻ. രാജൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സ്പെഷ്യൽ ടൂറിസം സോണുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഉണ്ട്. 2005-ൽ പാസ്സാക്കിയ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് പ്രകാരം, സംസ്ഥാനത്തെ ഏതെങ്കിലും വിനോദ സഞ്ചാര പ്രാധാന്യമുള്ളതോ വിനോദസഞ്ചാര പ്രാധാന്യമുണ്ടാകാനിടയുള്ളതോ ആയ ഏതൊരു പ്രദേശത്തേയും പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥപ്രകാരം കേരളത്തിലെ വിനോദ സഞ്ചാര പ്രാധാന്യമുള്ള പ്രധാനപ്പെട്ട പ്രദേശങ്ങളെ പ്രത്യേക വിനോദ സഞ്ചാര മേഖലകളായി (സ്പെഷ്യൽ ടൂറിസം സോണുകൾ) പ്രഖ്യാപിക്കുന്നതിന് ഉദ്ദേശമുണ്ട്. |
| ബി) ഇതിന്റെ വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ ; | ബി) ഗസറ്റ് വിജ്ഞാപനം വഴിയാണ് ഇത്തരത്തിലുള്ള മേഖലകളെ പ്രഖ്യാപിക്കുന്നത്. വിനോദ സഞ്ചാര പ്രാധാന്യമുള്ളതോ, വിനോദ സഞ്ചാര പ്രാധാന്യമുണ്ടാകാനിടയുള്ളതോ ആയ പ്രദേശങ്ങളെ മാത്രമേ ഇത്തരത്തിൽ പ്രഖ്യാപിക്കുന്നതിന് പാടുള്ളൂ. പ്രഖ്യാപിക്കപ്പെടുന്ന മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനുവേണ്ടി മാത്രമേ ഇത്തരത്തിലുള്ള |

| | | | |
|---|---|---|---|
| | | | മേഖലകളെ പ്രഖ്യാപിക്കാവൂ.<br>പ്രത്യേക വിനോദ സഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനും വേണ്ട ''സംസ്ഥാന വിനോദ സഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി '' എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പുറപ്പെടുവിക്കുന്ന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്. |
| സി) | എവിടെയെല്ലാമാണ് സ്പെഷ്യൽ ടൂറിസം സോണുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ? | സി) | കോവളം, മൂന്നാർ, ഫോർട്ടുകൊച്ചി, കുമരകം എന്നീ മേഖലകളെ സ്പെഷ്യൽ ടൂറിസം സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ ഏതെല്ലാം മേഖലകളെ ഇത്തരത്തിൽ പ്രഖ്യാപിയ്ക്കണമെന്ന് തീരുമാനമെടുത്തിട്ടില്ല. |

Sarasvathi

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 346 — 21.3.2007 - ൽ മറുപടിക്ക്

## അടയാള ബോർഡ് സ്ഥാപിക്കുന്നതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.കെ.ടി.ജലീൽ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.ബി.രാഘവൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും<br>വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി) |
| (എ) ദേശിയ പാതയിൽ അടയാള ബോർഡുകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് കരാർ നല്കിയതിലെ ക്രമക്കേടും അഴിമതിയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ദേശീയപാതയിൽ അടയാള ബോർഡുകൾ സ്ഥാപിക്കുന്നതിന് കരാർ നൽകിയതുവഴി സർക്കാരിന് 420 കോടിരൂപയുടെ നഷ്ടമുണ്ടായി എന്ന ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിരുന്നു. അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്യുകയുണ്ടായി. |

| | |
|---|---|
| (ബി) ഇക്കാര്യത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ; | (ബി)പൊതുമരാമത്തു വകുപ്പിലെ മുൻ ചീഫ് എൻജിനീയർ ശ്രീ.പി.സി കുട്ടപ്പൻ ( റിട്ടയേർഡ് ), പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ആന്റ് ബ്രിഡ്ജസ് ) ചീഫ് എൻജിനീയർ ശ്രീ.ജോസഫ് മാത്യു, കൊച്ചിയിലെ പടിയത്ത് ഡയറി ലിമിറ്റഡിന്റെ ലൈസൻസിയും മാനേജിംഗ് ഡയറക്ടറുമായ ശ്രീ.ഹസീബ് റഹ്മാൻ എന്നിവർക്കെതിരെയാണ് പ്രസ്തുത വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) കുറ്റക്കാർക്കെതിരെയുള്ള നടപടികൾ അവസാനിപ്പിക്കുന്നതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ; എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ? | (സി) മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വിജിലൻസ് കേസിന്റെ തുടർ നടപടി നിർത്തിവയ്ക്കുന്നതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശം ഇപ്പോൾ പിൻവലിക്കുകയും കേസിന്റെ അന്വേഷണം തുടരുകയും ചെയ്യുന്നു. |

(signature)

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.347. 21.3.2007-ൽ മറുപടിയ്ക്ക്

**ഗുണ്ടാ ആക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ഷാജു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയാൻ ഗുണ്ടാ ആക്ട് പുന:സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയാൻ "ദി കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് 2007 (ഓർഡിനൻസ് നം. 21 of 2007)" നോട്ടിഫിക്കേഷൻ നം. 24756/Leg.B/06/LAW തീയതി 5-2-2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഗുണ്ടാ ആക്ട് പിൻവലിക്കുന്നതിന് മുമ്പുള്ള രണ്ട് മാസത്തേയും അതിനുശേഷമുള്ള രണ്ട് മാസത്തേയും സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | ഗുണ്ടാ ആക്ട് പിൻവലിക്കുകയുണ്ടായില്ല. |
| (സി) സ്ഥിരം കുറ്റവാളികളെ മാതൃകാപരമായി കൈകാര്യം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | 1. സ്ഥിരം കുറ്റവാളികളുടെയും, കൂലിതല്ല് മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നവരുടെയും പേരിൽ CrPC 107, 109, 110 (E and G) പ്രകാരം, നല്ല നടപ്പിന് ജാമ്യം വെയ്ക്കുന്നതിലേയ്ക്ക് സബ്ഡിവിഷണൽ മജിസ്ട്രേട്ടു മുൻപാകെ റിപ്പോർട്ട് നൽകി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>2. ഇത്തരം സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ അടങ്ങിയ ഒരു വിപുലമായ Data Bank Open ചെയ്തിട്ടുണ്ട്. റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിൽ അന്വേഷണോദ്യോഗസ്ഥർക്കു ആവശ്യമായ വിവരങ്ങൾ ഇത് മൂലം ലഭ്യമാക്കി വരുന്നതാണ്. |

3. സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിരീക്ഷണത്തിൽ വെയ്ക്കാറുണ്ട് റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിൽ M O ക്രിമിനലുകളെ ചോദ്യം ചെയ്യാറുണ്ട്.
4. രാത്രി പകൽ ഭേദമന്യേ പോലീസ് പട്രേളിംഗ് ഊർജ്ജിതമാക്കി സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വാസസ്ഥലം അവർ സ്ഥിരമായി സംഘം ചേരാവുന്ന സ്ഥലങ്ങൾ എന്നിവ പ്രത്യേകം നിരീക്ഷിച്ചുകൊണ്ട് യുക്തവും ഉചിതവുമായ നിയമ നടപടികൾ യഥാവസരം കൈക്കൊള്ളുവാൻ പട്രോളിംഗിനു പോകുന്ന പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
5. ഇത്തരം സ്ഥിരം കുറ്റവാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളിൽ കുറ്റവാളികളെ അറസ്റ്റുചെയ്യുന്നതിന് ലോക്കൽ പോലീസിനെ സഹായിക്കാൻ സ്ക്വാഡുകൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്.
6. ഇത്തരം സാമൂഹ്യ വിരുദ്ധരെക്കുറിച്ച് അവരുടെ ചലനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു ലോക്കൽ പോലീസിനു വിവരം ലഭ്യമാക്കാൻ സ്പെഷ്യൽ ബ്രാഞ്ചിനു നിർദ്ദേശം നൽകിയിട്ടുണ്ട്.
7. സാമൂഹ്യ വിരുദ്ധരെ അമർച്ച ചെയ്യുന്നതിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെ യോഗം എല്ലാ മാസത്തിലെയും രണ്ടാം ശനിയാഴ്ച വിളിച്ചു ചേർത്ത് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർ, സിറ്റി പോലീസ് കമ്മീഷണർമാർ ഉൾപ്പെടെയുള്ളവർ ലഭ്യമാകുന്ന വിവരം അനുസരിച്ച് നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

8. ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിനു പുറമെ ക്രൈംസ്റ്റോപ്പർ സംവിധാനത്തിലൂടെയും പോലീസിന് വിവരം നൽകാവുന്നതാണ്.
9. സ്ഥിരം കുറ്റവാളികൾ ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ താമസംവിനാ അന്വേഷണം പൂർത്തിയാക്കി നിയമത്തിന്റെ പഴുതിലൂടെ കുറ്റവാളികൾ രക്ഷപ്പെടാത്തവിധം ചാർജ്ജ്ഷീറ്റ് കോടതികൾ മുൻപാകെ സമർപ്പിയ്ക്കാൻ S H O മാർ ഉൾപ്പെടെയുള്ള സബ് ഡിവിഷണൽ പോലീസ് ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
10. തിരുവനന്തപുരം നഗരത്തിൽ ക്രമസമാധാന പരിപാലന വിഷയങ്ങളിൽ പൊതുജനങ്ങളുമായി ആശയസമ്പർക്കം നടത്തുന്നതിന് ഒരു പോലിസ് പോർട്ടൽ ശരിയായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 348. 21-03-07-ൽ മറുപടിക്ക്

# പുതുതായി ആരംഭിക്കുന്ന കള്ളുഷാപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. പി. കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി എത്ര കള്ളുഷാപ്പുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നു; | (എ) | പുതുതായി കള്ളുഷാപ്പുകൾക്ക് അനുമതി നൽകുവാൻഉദ്ദേശിക്കുന്നില്ല.എന്നാൽ 2002-03-ൽ നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുന:സ്ഥാപിക്കണമെന്ന് കള്ളു ചെത്തു വ്യവസായത്തിലെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനനുസരിച്ച് ഒരു നയം ഗവണ്മെന്റ് നടപ്പിലാക്കുന്നതാണ്. |
| (ബി) | തൊഴിലാളി സൊസൈറ്റികൾ ഏതെല്ലാം ജില്ലകളിലാണ് കള്ളുഷാപ്പുകൾ നടത്താൻ അപേക്ഷ നൽകിയിട്ടു ള്ളത്; | (ബി) | 2007-08 വർഷക്കാലത്തെ കള്ളുഷാപ്പുകളുടെ വില്പന മാർച്ച് 21-22 തീയതികളിലാണ് ഉറപ്പിച്ചിരിക്കുന്നത്. അപ്പോഴാണ് അപേക്ഷ സ്വീകരിക്കുന്നത്. എന്നാൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ മുഴുവൻ റേഞ്ചുകളിലും, കാസർഗോഡ് ജില്ലയിലെ നീലേശ്വരം, ഹോസ്ദുർഗ്, ബദിയടുക്ക എന്നീ റേഞ്ചുകളിലും എറണാകുളം ജില്ലയിലെ മാമല, പെരുമ്പാവൂർ. പിറവം എന്നീ റേഞ്ചുകളിലെയും കള്ളുഷാപ്പുകൾ 2007-08 വർഷം നടത്തുന്നതിനായി തൊഴിലാളി സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ട് ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ ഗവണ്മെന്റ് നിർത്തലാക്കിയ കള്ളുഷാപ്പുകൾ വീണ്ടും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | മൂന്ന് വർഷം കള്ളുഷാപ്പ് നടത്തി പരിചയമുള്ളവർക്ക് ഷാപ്പ് നടത്താൻ മുൻഗണന അനുവദിച്ചിട്ടുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 349. 21.3.2007 -ൽ മറുപടിക്ക്

# ഐ.എസ്.ഐ. ചാരന്മാർ

| ചോദ്യം: | ഉത്തരം.: |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ.<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) ഐ.എസ്.ഐ. ചാരന്മാർ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായി അറിവുകിട്ടിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഐ.എസ്.ഐ. ചാരന്മാർ പ്രവർത്തിക്കുന്നതായി അറിവ് ലഭിച്ചിട്ടില്ല. |
| (ബി) എങ്കിൽ എവിടെയെല്ലാമാണ് ഇവർ പ്രവർത്തിക്കുന്നത്; | (ബി) യും (സി) യും: ബാധകമല്ല. |
| (സി) ഇവർക്ക് സംസ്ഥാനത്തിനുള്ളിൽ ആരെല്ലാം സഹായം നൽകുന്നുണ്ട്? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.350 21.3.2007 ൽ മറുപടിയ്ക്ക്

## ലക്ഷം തൊഴിൽദാന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ലക്ഷം തൊഴിൽദാന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ; | എ) നിലവിലുണ്ട്. ഇപ്പോൾ ഈ പദ്ധതിയിൻ കീഴിൽ അംഗങ്ങൾക്ക് വ്യക്തിഗതവും കൂട്ടായതുമായ കാർഷിക സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പരിശീലനവും സാങ്കേതികത്വവും ഉൾപ്പെടുന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള പരിശീലനം നൽകി വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ നിലവിലുള്ള പല പദ്ധതികളിലും ഈ പദ്ധതിയിൽ അംഗമായവർക്ക് മുൻഗണന നൽകി വരുന്നു. ഇപ്പോൾ അംഗങ്ങളെ പുതുതായി ചേർക്കുന്നില്ല. |
| ബി)ഈ പദ്ധതിയുടെ ലക്ഷ്യങ്ങളും മേൻമകളും വ്യക്തമാക്കുമോ;; | ബി) സർക്കാർ ഉത്തരവ് (എം.എസ്)122/94/കൃഷി തീയതി 30.3.1994 പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനത്തിന് പ്രാപ്തരാക്കുക എന്നതാണു പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ആരംഭഘട്ടത്തിൽ കൃഷിയിൽ 1,93,05,000 രൂപയുടേയും മൃഗസംരക്ഷണത്തിൽ 33,35,000 രൂപയുടേയും ക്ഷീരവികസനത്തിൽ 37,54,999/- രൂപയുടേയും പദ്ധതികൾ |

ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പല പദ്ധതിയിലും ഇതിലെ അംഗങ്ങൾക്ക് മുൻഗണന നൽകി വരുന്നു. ഹ്യൂമൺറിസോഴ്സ് മാനേജ്മെൻറ് പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർഫാമേഴ്സിനു തൊഴിലധിഷ്ഠിത പരിശീലനം നൽകുകയും പരിശീലനം ലഭിച്ച മാസ്റ്റർ ഫാർമേഴ്സ് മറ്റംഗങ്ങളെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലിപ്പിക്കുകയും ചെയ്യുന്നു.

സി) പ്രസ്തുത പദ്ധതിയ്ക്കായി ഗവൺമെൻറ് സമാഹരിച്ച തുക എത്രയാണ്; ഇപ്പോൾ ഈ പദ്ധതിയിൽ എത്ര തുകയുണ്ട്;

സി) 1993-94 ൽ ആരംഭിച്ച ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിൻെറ വിഹിതമായി 14 കോടി രൂപയും യുവജനങ്ങളുടെ പദ്ധതിവിഹിതമായി സമാഹരിച്ച 10,41,98,508 രൂപയും പദ്ധതിയുടെ ആരംഭത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇപ്പോൾ പലിശയടക്കം ഈ പദ്ധതിയിൻ കീഴിൽ 59 കോടിയോളം രൂപയുണ്ട്.

ഡി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;;

ഡി) പദ്ധതിയിൽ അംഗമായിരിക്കെ മരിച്ചുപോയവരുടെ ആശ്രിതർക്ക് 25,000/- രൂപ വീതം നൽകി വരുന്നു. സ്വയം പിരിഞ്ഞുപോകുന്ന അംഗങ്ങൾക്ക് 5000/- രൂപവരെ മടക്കി നൽകാൻ സർക്കാർ ഉത്തരവ് നം.(എം.എസ്)123/05 തീയതി 25.8.2005 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഇ) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർ രോഗത്തെതുടർന്ന് മരണമടയുകയോ സ്വയം വിരിക്കുകയോ ചെയ്താൽ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

ഇ) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർ മരണമടഞ്ഞുപോയാൽ നോമിനിയ്ക്ക് ആനുകൂല്യമായി 25,000/- രൂപ നൽകി വരുന്നു.

| | |
|---|---|
| | അംഗങ്ങൾ സ്വയം പിരിഞ്ഞു പോയാൽ 5000 രൂപവീതം മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| എഫ്) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ് & ജി) കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ഉണ്ടെങ്കിൽ പരിഹരിക്കും. |
| ജി) എങ്കിൽ കാലതാമസം ഒഴിവാക്കി ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 361 21/3/2007 -ൽ മറുപടിക്ക്

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) ഓരോ ക്ഷേമനിധി ബോർഡിന്റെയും ഭരണ ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ കുറഞ്ഞുവരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഓരോ ക്ഷേമനിധി ബോർഡും അവയ്ക്കു ബാധമാകുന്ന നിയമത്തിലും പദ്ധതിയിലും അനുശാസിക്കുന്ന വിധമാണ് ഭരണച്ചിലവ് നടത്തേണ്ടത്. ഭരണച്ചിലവ് വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ ഇതു കാരണം ആനുകൂല്യങ്ങൾ കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) സമാന സ്വഭാവമുള്ള ക്ഷേമ നിധി ബോർഡുകളുടെ നിർവ്വഹണ ചുമതല ഏതെങ്കിലും ഒരു സ്ഥാപനത്തെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.352 — 21-3-2007 ന് മറുപടിക്ക്

വനിതാ പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക<br>" ജെ.അരുന്ധതി<br>" പി.അയിഷാ പോറ്റി<br>" കെ.എസ്.സലീഖ<br>" കെ.കെ.ശൈലജ ടീച്ചർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രത്യേക വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഇല്ല. |
| (ബി) കേരള പോലീസിലെ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) വനിതാ പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് തിരുവനന്തപുരം,കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ മാത്രമാണ് വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്. വനിതാ |

| | |
|---|---|
| | സ്റ്റേഷനുകളിൽ സ്ത്രീകൾ പരാതി കൊണ്ടുവരുന്നതിന് കക്ഷികളൊന്നും വരുന്ന എല്ലാ കേസ്സുകളിലും നടപടികൾ എടുത്തുവരുന്നു. കൂടാതെ അസാന്മാർഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ കണ്ടുപിടിച്ച് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തും മറ്റും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം അസാന്മാർഗിക പ്രവർത്തനങ്ങൾ തടയുന്നതിനായി പട്രോളിംഗ് നടത്തുന്നുണ്ട്. രാത്രികാലങ്ങളിൽ എന്തെങ്കിലും സാഹചര്യത്തിൽ സ്ത്രീകളെ അറസ്റ്റ് ചെയ്യുകയോ സൂക്ഷിക്കേണ്ടി വരികയോ,വേണ്ടി വന്നാൽ അപ്രകാരവും ചെയ്തു വരുന്നു. |
| (ഡി) വനിതാ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു? | (ഡി)വനിതാ പോലീസ് സ്റ്റേഷൻ കേരളത്തിലെ 3 നഗരങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ നിയന്ത്രണത്തിൽ റിസപ്ഷൻ കൗണ്ടറുകൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

### വിശദീകരണക്കുറിപ്പ്

1996 ലെ ഗവർണറുടെ നയ പ്രഖ്യാപനത്തിൽ വനിതാ പോലീസിന്റെ അംഗസംഖ്യ മൊത്തം പോലീസിന്റെ എണ്ണത്തിന്റെ 10% ആയി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത സംഗതി സീനിയർ ഓഫീസേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്യുകയും,പ്രസ്തുത യോഗം ജില്ലാ പോലീസ് കോൺസ്റ്റാബുലറിക്ക് ലോക്കൽ,എ.ആർ എന്നീ വിഭാഗങ്ങളിലെ 10%ന് തുല്യമായ വനിതകളുടെ തസ്തിക സൃഷ്ടിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും 2003 ൽ നിലവിലുള്ള ലോക്കൽ/എ.ആർ. എന്നീ വിഭാഗത്തിലെ എച്ച്.സി/പി.സി. മാരുടെ എണ്ണത്തിന്റെ 10% തികയ്ക്കുന്നതിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും ചെയ്യുകയുണ്ടായി. നിലവിൽ ജില്ലാ കോൺസ്റ്റാബുലറിയുടെ (ലോക്കലിലെയും, എ.ആർ.ലെയും,എച്ച്.സി.മാരുടെയും പി.സി.മാരുടെയും) എണ്ണത്തിന്റെ 10% വനിതാ പോലീസ് തസ്തിക നിലവിലുണ്ട്.

വനിതാ പോലീസിന്റെ Sanctioned Strength ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| WPC | - | 2460 |
| WHC | - | 188 |
| WSI | - | 74 |
| WCI | - | 21 |
| WDYSP | - | 1 |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.353 | 21-3-2007 ൽ മറുപടിക്ക്

പോലീസ് ട്രെയിനിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| എ) പോലീസ് സേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്ന പരിശീലന പദ്ധതിയിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പോലീസ് സബ് ഇൻസ്പെക്ടർമാരുടെ പരിശീലന സിലബസ്സ് പരിഷ്ക്കരിക്കുന്നതിനു വേണ്ട നടപടികൾ നടന്നു വരുന്നു. |
| ബി) കായിക പരിശീലനത്തിനു പുറമേ ട്രെയിനിംഗ് കാലയളവിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) ഡ്രൈവിംഗും കമ്പ്യൂട്ടറും പഠിപ്പിച്ചു വരുന്നുണ്ട്. |
| സി) കമ്പ്യൂട്ടർ പഠനം,സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം തുടങ്ങിയവ പഠന പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (സി) ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (ഡി) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) പോലീസുകാർക്ക് ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നതിന് എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) ഇൻസർവ്വീസ് ട്രെയിനിംഗിന്റെ ഭാഗമായി പോലീസ് എങ്ങനെ പെരുമാറണം, പോലീസിന്റെ പെരുമാറ്റ സംഹിത, ഡ്രൈവിംഗ്, കമ്പ്യൂട്ടർ, സ്വിമ്മിംഗ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് തുടങ്ങിയ വിഷയങ്ങൾ അടങ്ങിയ കോഴ്സ് 5 വർഷംകൊണ്ട് എല്ലാ പോലീസ് കോൺസ്റ്റബിൾമാർക്കും നൽകുന്ന തരത്തിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ ഹെഡ്കോൺസ്റ്റബിൾ എന്നിവർക്കുള്ള പ്രത്യേക ട്രെയിനിംഗ് കോഴ്സുകളും നടന്നുവരുന്നു. മാത്രമല്ല എം.ജി.പി., സർവ്വീസ് ഡെലിവറി പ്രോജക്ട് എന്നിവയുടെ ഭാഗമായുള്ള ട്രെയിനിംഗും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 354

21. 3. 2007 -ൽ മറുപടിയ്ക്ക്

## തീരദേശ മത്സ്യബന്ധന മേഖലയിലെ വൈവിധ്യവൽക്കരണം

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.എൻ ശക്തൻ.
ശ്രീ ജോർജ് മേഴ്സിയർ.

ഉത്തരം

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി :

| ചോദ്യം | ഉത്തരം |
|---|---|
| എ) തീരദേശ മത്സ്യബന്ധന തൊഴിലാളികളെ വൈവിധ്യവൽക്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പാദനത്തിലേക്ക് മാറുന്നതിനും ഉതകുന്ന പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ . | എ). തീരദേശ മത്സ്യതൊഴിലാളികളെ വൈവിധ്യവൽക്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പാദന പ്രക്രിയയിലേക്ക് നയിക്കുന്നതിനും ഫിഷറീസ് വകുപ്പിൽ സുനാമി പുനരധിവാസ പദ്ധതി( TRP) സുനാമി അടിയന്തിര സഹായ പദ്ധതി(TEAP) എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. |
| ബി) ഇതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കാൻ തീരുമാനിച്ചിരുന്നു. അതിൽ എത്ര തുക ചെലവഴിച്ചു: | ബി) 2006 07 സാമ്പത്തിക വർഷത്തിൽ സുനാമി പുനരധിവാസ പദ്ധതി നിർവ്വഹണത്തിനായി 13 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട് ഇതുവരെ 11.77 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് ഈ തുക വിവിധ ഏജൻസികൾക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകിവരുന്നു.<br>മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (SGSY) എന്ന പദ്ധതി പ്രകാരം മത്സ്യഫെഡിന് 202.98 ലക്ഷം രൂപ ലഭിച്ചതിൽ 107.08 ലക്ഷം ചെലവാക്കിയിട്ടുണ്ട്. |
| സി) ഈ പദ്ധതികൊണ്ട് മത്സ്യ മേഖലയിൽ വരുത്തുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ? | സി) മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനശൃംഖല മത്സ്യം കൂടുതലായി ലഭിക്കുന്ന കാലത്തുള്ള വിലയിടിവ് ഒരു പരിധിവരെ തടയുന്നതിനു സഹായിക്കും. മത്സ്യവിപണന കേന്ദ്രം, മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നു. സുനാമി ബാധിത പ്രദേശത്തുള്ളവരുടെ ജീവസന്ധാരണ മാർഗ്ഗങ്ങളുടെ വികസനം, മത്സ്യബന്ധനത്തിനുവേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുക, മത്സ്യത്തിനു നല്ല വില ഉറപ്പാക്കുന്നതിനുള്ള സാങ്കേതിക വിദ്യയും അറിവും ലഭ്യമാക്കുക, ചെറുകിട തൊഴിൽ സംരംഭത്തിനുള്ള മൂലധനം നൽകുക എന്നിവ വഴി കുടുംബവരുമാനം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 355.

21.3.2007 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളുടെ കമ്പ്യൂട്ടർവല്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.ഹംസ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) നടപടി സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ ഇതിനകം എത്ര പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചു; | ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. C I P A (Common Integrated Police Application) പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം , കൊച്ചി, കോഴിക്കോട് സിറ്റികളിലെ 44 പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. ടി പ്രോജക്ടിന്റെ രണ്ടാം ഘട്ടമായി തിരുവനന്തപുരം , കൊച്ചി, കോഴിക്കോട് സിറ്റികളിലെ ബാക്കി പോലീസ് സ്റ്റേഷനുകളും കൂടാതെ കൊല്ലം, പത്തനംതിട്ട, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. |

| | |
|---|---|
| സി) കമ്പ്യൂട്ടർവൽക്കരണത്തിനായി എന്തു തുക കേന്ദ്ര സഹായമായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | സി) 2006-2007 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 450 ലക്ഷം രൂപ പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) താമസംവിനാ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 356 — 21. 3. 2007 ൽ മറുപടിയ്ക്ക്.

<u>ദേശീയ പാതകളിലെ അപകടാവസ്ഥയിലായ പാലങ്ങൾ</u>

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. പി. ടി. എ. റഹീം:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ഷെവ. റ്റി.യു. കുരുവിള.<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) ദേശീയ പാതകളിൽ അപകടാവസ്ഥയിലായ പാലങ്ങൾ പുതുക്കി പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ ഇപ്പോൾ അപകടാവസ്ഥയിലുള്ള പാലങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ NH - 17 ൽ മൊയ്തു പാലവും NH 213 ൽ കുന്തിപ്പുഴ പാലവും, കല്പാത്തി പാലവും NH 220 യിൽ വണ്ടിപ്പെരിയാർ പാലവും കാലപ്പഴക്കം നേരിട്ടിട്ടുള്ളതിനാൽ ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. ഒപ്പം തന്നെ NH 17 ലെ ധർമ്മടം പാലവും പുതുക്കിപ്പണിതു തീർന്നിട്ടുണ്ട്. അപകടാവസ്ഥയിലുള്ള പാലങ്ങൾ യഥാസമയം പരിശോധിച്ച് വിശദമായ പഠനം നടത്തി വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും കേന്ദ്ര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിയ്ക്കുന്നതാണ്. |
| (ബി) ഏതൊക്കെ പാലങ്ങളാണ് അപകട സ്ഥിതിയിലുള്ളത് ; | (ബി) ഇല്ല |
| (സി) ഇവയിൽ എത്ര എണ്ണത്തിന്റെ പുനർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; | (സി) മൊയ്തു പാലത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും 109. 75 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. NH 17 ൽ അപകടാവസ്ഥയിലായിരുന്ന ധർമ്മടം പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. |

(ഡി) അപകടാവസ്ഥയിലായ പാലങ്ങളുടെ പുനർ നിർമ്മാണത്തിന് എത്ര തുക വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; കേന്ദ്ര സർക്കാരിൽ നിന്നും 2006 - 2007 വർഷം ഈ ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

(ഡി) കാലപ്പഴക്കം മൂലം പുനർനിർമ്മാണം നടത്തേണ്ട മൊയ്തു പാലത്തിന് ഉദ്ദേശം 9 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ സാദ്ധ്യതാപഠനം ഉടൻ നടത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയ പാതകളിൽ കാലപ്പഴക്കം മൂലവും വീതിയില്ലാത്തതിനാലും പുനർ നിർമ്മാണ ആവശ്യമുള്ള മറ്റു പാലങ്ങളുടെയെല്ലാം സാദ്ധ്യത ) പഠനം നടത്തി എസ്റ്റിമേറ്റ് കേന്ദ്രമന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ



GOVERNMENT OF KE

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.357 | 21-03-2007 ൽ മറുപടിക്ക് |

## ഉത്സവസ്ഥലങ്ങളിൽ നിയമിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി.സുരേന്ദ്രൻപിള്ള | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) ഇക്കഴിഞ്ഞ ശബരിമല സീസണിൽ, സന്നിധാനത്തും പമ്പയിലും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസുകാർ അയ്യപ്പഭക്തരോട് അപമര്യാദയായി പെരുമാറുകയും അവരെ മർദ്ദിക്കുകയും ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരം മൂന്നു സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി ) ഇക്കാര്യത്തിൽ എന്ത് തുടർ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) ചില അവസരങ്ങളിൽ ജോലിയുടെ അധികഭാരം നിമിത്തവും ജനത്തിരക്കു മൂലവും പോലീസിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ ചില അയ്യപ്പന്മാർ തർക്കങ്ങൾ ഉണ്ടാക്കുകയും തുടർന്ന് ചില പോലീസുകാരുമായി ചില പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ ആ പോലീസുകാരെ പ്രസ്തുത സ്ഥലങ്ങളിൽ നിന്നും |

ഒഴിവാക്കുകയും മറ്റുള്ളവർക്ക് സംയമനം പാലിച്ച് ഡ്യൂട്ടി ചെയ്യുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക വഴി ഉചിതമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്.

സി ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) ശബരിമലയുൾപ്പെടെയുള്ള ഉത്സവ സ്ഥലങ്ങളിൽ നിയമിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തിരക്കു നിയന്ത്രിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ഇപ്രകാരമുള്ള ഡ്യൂട്ടിക്ക് നിയമിക്കപ്പെടുന്ന പോലീസുകാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ ഇപ്പോൾതന്നെ നൽകി വരുന്നുണ്ട്. പോലീസുകാർക്ക് നൽകുന്ന റിഫ്രഷർ കോഴ്സുകളിലും ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായും ഇക്കാര്യത്തിന് ആവശ്യമായ പരിശീലനവും പഠനക്ലാസ്സുകളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.358.                    21.3.2007-ൽ മറുപടിയ്ക്ക്

## മത്സ്യസംസ്കരണം

ചോദ്യം

ശ്രീ. ടി.എൻ.പ്രതാപൻ :

ശ്രീ.വി. ഡി.സതീശൻ :

ശ്രീ.സി.പി.മുഹമ്മദ് :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് എത്ര മത്സ്യസംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) 122. |
| (ബി) മത്സ്യസംസ്കരണം കൂടുതൽ ഫലപ്രദമാക്കുവാൻ എന്തെല്ലാം വിധത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് ; | (ബി) മത്സ്യസംസ്കരണ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മാലിന്യസംസ്കരണ രീതികൾ, മത്സ്യാവശിഷ്ടങ്ങളിൽ നിന്ന് പുതിയ ഉൽപ്പന്നങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ ഇന്റഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തുടങ്ങിയ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു. |
| (സി) മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനം നൽകുന്നുണ്ട് ; | (സി) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ടേഴ്സ് ഡെവലപ്മെന്റ് ഏജൻസി, ഇന്റഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട് എന്നീ സ്ഥാപനങ്ങൾ വഴി മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി നൂതന സാങ്കേതിക വിദ്യകൾ, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയിൽ പരിശീലനം നൽകുന്നു. മത്സ്യോല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുറപ്പുവരുത്തുന്നു. (കയറ്റുമതിക്കാവശ്യമായ ടെസ്റ്റുകൾപ്പെടെ) മത്സ്യം, മത്സ്യോല്പന്നങ്ങൾ ഇവ മെച്ചപ്പെട്ട രീതിയിൽ പാക്ക് ചെയ്ത് ട്രാൻസ്പോർട്ട് ചെയ്യുന്നു.

സമുദ്രോൽപന്ന വ്യവസായങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കോൾഡ് ചെയിൻ ക്വാളിറ്റി കൺട്രോൾ ഇവയ്ക്കുള്ള അടിസ്ഥാനസൗകര്യത്തിന് ധനസഹായം എം.പി.ഇ.ഡി.എ. ചെയ്യുന്നുണ്ട്.

ആഗോള ആവശ്യകത പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള എച്ച്.എ.സി.സി.പി. (ഹസാർഡ് അനാലിസിസ് ആൻറ് ക്രിട്ടിക്കൽ കൺട്രോൾ പ്രോഗ്രാം) പ്രോഗ്രാമിന്റെ നടത്തിപ്പിനായി പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗത്തുള്ള സമുദ്രോല്പന്ന രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞൻമാർക്കും വിവിധ സംസ്കരണശാലകളിലും ഉള്ള വ്യക്തികൾക്കും പരിശീലനം നൽകുന്നുണ്ട്.

സമുദ്രോല്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികൾക്ക് അത് വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കുന്നതിനുള്ള എക്സ്റ്റെൻഷൻ പരിപാടികളും എം.പി.ഇ.ഡി.എ. നടത്തിവരുന്നു.

കൊല്ലംജില്ലയിലെ ശക്തികുളങ്ങരയിൽ വനിതാ മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് ആധുനിക രീതിയിൽ ഒരി പ്രീ പ്രോസസിംഗ് സെൻറർ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും എം.പി.ഇ.ഡി.എ. യുടെ സഹായത്തോടെ പ്രാഥമിക നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

114.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ ടി പദ്ധതിക്കായി എം.പി.ഇ.ഡി.എ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ മൂലധനം 10 ലക്ഷം രൂപയും ഫിഷറീസ് വകുപ്പ് വിഹിതം 2.30 ലക്ഷം രൂപയുമാണ്. ഈ സെൻറർ നിർമ്മിക്കുന്നതിന് ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ ശക്തികുളങ്ങരയിലുള്ള 0.57 ഹെക്ടർ സ്ഥലം എടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

250 ഗ്രൂപ്പുകളായി 1500 തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ സ്വർണ്ണ ജയന്തി സ്വരസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതി പ്രകാരം 419 മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പരിശീലനം ഐ.എഫ്.പി. മുഖേന നൽകി കഴിഞ്ഞു. 92 ഉൽപാദന യൂണിറ്റുകൾക്കാണ് ഈ പദ്ധതിയിൻകീഴിൽ പ്രയോജനം ലഭിക്കുക. 370 തൊഴിലാളികൾക്ക് നേരിട്ടുള്ള സ്ഥിരവരുമാനം ഉറപ്പാക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഈ പദ്ധതി മത്സ്യഫെഡുവഴിയാണ് നടപ്പിലാക്കിവരുന്നത്.

മത്സ്യഫെഡിനുകീഴിൽ മത്സ്യസംസ്കരണത്തിനും കയറ്റുമതിക്കും വേണ്ടി ഐസ് ആൻറ് ഫ്രീസിംഗ് പ്ലാൻറ് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നു. പ്രാഥമിക

സഹകരണസംഘങ്ങളിലെ വനിതകൾക്കും വനിതാസംഘത്തിലെ മെമ്പർമാർക്കും മേന്മയേറിയ മത്സ്യഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ഐ.എഫ്.പി.വഴി നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്നും സഹായധനമായി ലഭിച്ച തുക ഉപയോഗിച്ചാണ് ടീം പരിശീലനം നൽകിയത്. എന്നാൽ വിപണിയിലുള്ള സമ്മർദ്ദംമൂലം ഇതിൽ പല യൂണിറ്റുകൾക്കും പിടിച്ചുനിൽക്കാനാവുന്നില്ല. ഇതിനോടകം പ്രവർത്തനമാരംഭിച്ച് പ്രതിസന്ധിയിലായിരിക്കുന്ന ഇക്കൂട്ടരെ സംഘടിപ്പിച്ച് കൊച്ചിയിലെ പ്ലാന്റിലെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്തി ഒരു കോടിരൂപയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുവാനായി കേരളസർക്കാരിന് നൽകി കഴിഞ്ഞു. സംസ്കരണ യൂണിറ്റുകൾ കയറ്റുമതി ചെയ്യുന്ന മത്സ്യത്തിനും മത്സ്യഉൽപ്പന്നങ്ങൾക്കും അവയുടെ വിൽപ്പനയിലുള്ള 5% തുക ഡി.ഇ.പി.ഇ. (ഡ്യൂട്ടി എൻടൈറ്റിൽഡ് പാസ്ബുക്ക്) ആയി ലഭിക്കുന്നുണ്ട്. ഇത് നികുതിയായി നൽകി ക്യാപ്പിറ്റൽ ഗുഡ്സ് ഇറക്കുമതി ചെയ്യാനാകും. കൂടാതെ എം.പി.ഇ.ഡി.എ. യിൽ നിന്നും പലതരത്തിലുള്ള ധനസഹായവും നൽകുന്ന പദ്ധതികൾ ഉണ്ട്. മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിനെ ആഴക്കടൽ മത്സ്യമായ കേര ചൂരയുടെ 'സഷ്മി' ഗ്രേഡിലുള്ള കയറ്റുമതിയുടെ ഒരു സെന്ററായി അംഗീകരിക്കാനുള്ള പ്രൊപ്പോസലും മത്സ്യഫെഡ് ഇതിനോടകം സർക്കാരിന് നൽകി കഴിഞ്ഞു.

ഫിഷ് കയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് സുനാമി അടിയന്തിര സഹായ പദ്ധതിയിൻകീഴിൽ 5 പേരടങ്ങുന്ന ഗ്രൂപ്പിനെ (8 വനിതയും രണ്ട് പുരുഷന്മാരും) 360000 രൂപാ വീതം സഹായം നൽകുന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഡൊമിനിക് പ്രസന്റേഷൻ

പന്ത്രണ്ടാം കേരള നിയമസഭ--നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.359. 21.3.2007- ൽ മറുപടിയ്ക്ക്

മത്സ്യ ഇറക്കുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ :<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ :<br>ശ്രീമതി.കെ.എസ്.സലീഖ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) വിദേശങ്ങളിൽ നിന്നും മത്സ്യങ്ങൾ വൻതോതിൽ സംസ്ഥാനത്തെ മാർക്കറ്റുകളിൽ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ് ഇറക്കുമതി ചെയ്യുന്നത് ; | (എ) & (ബി) സംസ്ഥാനത്തെ ആഭ്യന്തര മാർക്കറ്റിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2003 ഒക്ടോബറിൽ കേന്ദ്രസർക്കാരും തായ്‌ലൻറും തമ്മിൽ ഒപ്പുവച്ച ഇറക്കുമതി കരാർ പ്രകാരം പ്രസ്തുത രാജ്യത്തിൽ നിന്നും മത്സ്യം ഇറക്കുമതി ചെയ്യുന്നുണ്ട്. |
| (സി) ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങളുടെ പഴക്കമോ ഗുണനിലവാരമോ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ട് ; | (സി) കേന്ദ്ര കൃഷി, മൃഗസംരക്ഷണവകുപ്പ് മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര/ ശുചീകരണ നിബന്ധനകൾ പാലിച്ചും കസ്റ്റംസ് ഡ്യൂട്ടി അടച്ചും മാത്രമാണ് കേന്ദ്രസർക്കാർ മത്സ്യഇറക്കുമതി അനുവദിച്ചിട്ടുള്ളത്. മത്സ്യോല്പന്ന കയറ്റുമതിക്കാർ (സീ ഫുഡ് എക്സ്പോർട്ടേഴ്സ്) അവരുടെ ഫാക്ടറികളിൽ വീണ്ടും സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുവേണ്ടി തീരുവ ഇല്ലാതെയും മത്സ്യം ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ രണ്ട് അവസ്ഥയിലും ഇറക്കുമതി ശുചിത്വ നിലവാരം |

| | |
|---|---|
| | പുലർത്തേണ്ട നിയമപരമായ ബാദ്ധ്യത ഇറക്കുമതിക്കാർക്കുണ്ട്. ഇങ്ങനെ ഇറക്കുമതി ചെയ്യുന്ന മത്സ്യം ആഭ്യന്തര വിപണിയിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വിദേശ മത്സ്യങ്ങളുടെ ഇറക്കുമതിമൂലം സംസ്ഥാനത്തെ മത്സ്യതൊഴിലാളികളും അനുബന്ധ തൊഴിൽ മേഖലയിലുള്ളവരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ആഭ്യന്തര വിപണിയിൽ വിദേശ മത്സ്യങ്ങൾ എത്താത്തതിനാൽ ഇറക്കുമതിമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളും അനുബന്ധ മേഖലയിലുള്ളവരും ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) പ്രസ്തുത ഇറക്കുമതി നയം തിരുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ? | (ഇ) ഇറക്കുമതി നയം തിരുത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 360 21/3/2007 ൽ മറുപടിക്ക്

**<u>ക്ഷേമനിധി ആനുകൂല്യങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.പി. പത്മനാഭൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) വിവിധ തൊഴിലാളി ക്ഷേമനിധികളിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്നആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; | (എ) &( ബി) തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ വിവിധ ക്ഷേമനിധി ബോർഡുകളുടെ ഭരണ സമിതികൾ തീരുമാനമെടുത്ത് അറിയിക്കുന്ന മുറയ്ക്ക്, സർക്കാർ അനുകൂലമായ തീരുമാനം എടുത്തുവരുന്നു. |
| (സി) ക്ഷേമനിധി പെൻഷൻ തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സർക്കാർ നേരിട്ടു നൽകി വരുന്ന ക്ഷേമ പെൻഷനുകളിൽ, 10/- രൂപയുടെ പ്രതിമാസവർദ്ധനവ് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

⟶

(ഡി) ഇപ്പോൾ ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത മേഖലകളിലെ തൊഴിലാളികളെ കൂടി ക്ഷേമനിധി പദ്ധതികളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.
1960-ലെ കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെൻറ് ആക്ടിൻെറ (1960-ലെ 34) പരിധിയിൽ വരുന്ന ആശുപത്രി, ആതുര ശുശ്രൂഷാലയം, വൈദ്യശാല, ഡിസ്പെൻസറി, മരുന്നു വിൽപ്പനശാല, പാരാമെഡിക്കൽ സ്ഥാപനം, പാഴ്സൽ സർവീസ്, പെട്രോൾ-ഡീസൽ-ഓട്ടോ ഗ്യാസ് ബങ്കുകൾ, മത്സ്യ സംസ്കരണ സ്ഥാപനം, വസ്ത്ര നിർമ്മാണ സ്ഥാപനം,. ഹോട്ടൽ, ഭോജനശാല, ഇറച്ചിവിൽപ്പനശാല, കമ്പ്യൂട്ടർ- കമ്പ്യൂട്ടർ അനുബന്ധസേവന സ്ഥാപനം, അച്ചടിശാല, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്രാ സംസ്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ചെരുപ്പ്-ബാഗ് നിർമ്മാണ സ്ഥാപനം, സിനിമ തിയേറ്റർ, ഫോട്ടോ/വീഡിയോ സ്റ്റുഡിയോ, ബേക്കറി, ഓട്ടോമൊബൈൽ-എഞ്ചിനീയറിംഗ് സ്ഥാപനം എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിലോ, കച്ചവട/വ്യാപാര സ്ഥാപനങ്ങളിലോ ഉള്ള തൊഴിലാളികളെ ഉൾപ്പെടുത്തി കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ് പുതിയതായി നിലവിൽ വന്നിട്ടുണ്ട്.

Joseph.M
സെക്ഷൻ ഓഫീസർ.